KIFA
# Relook
Monthly Newsletter

Vol. 02
February 2024



## ചെയർമാന്റെ സന്ദേശം

കേരളത്തിന്റെ മലയോര മേഖലയെ സംബന്ധിച്ചിടത്തോളം ഫെബ്രുവരി ഒരു ദുരന്തമാസമായിരുന്നു. വന്യജീവികൾ നാട് കയ്യേറി നടത്തിയ അരുംകൊലകളിൽ നിസ്സംഗത പുലർത്തിയ അധികാരികൾക്കെതിരെ ശക്തമായ പ്രതിഷേധമാണ് കിഫ നടത്തിയത്.

ഈ ലക്കത്തിൽ വിവിധ മാധ്യമങ്ങളിലൂടെയും പൊതുഇടങ്ങളിലും കിഫ നടത്തിയ സമര പരിപാടികളുടെ സചിത്ര വിവരണം വായിക്കാം. അതോടൊപ്പം വിവിധ ജില്ലകളിൽ നടന്ന സംഘടനാ പ്രവർത്തനങ്ങളുടെ വാർത്തകളും വായനക്കാർക്കായി ഉൾപ്പെടുത്തിയിരിക്കുന്നു.

**അലക്സ് ഒഴുകയിൽ**
ചെയർമാൻ, കിഫ

## ഉള്ളടക്കം

ജില്ലാവാർത്തകൾ
കിഫയും മാധ്യമങ്ങളും
തുടർക്കഥയായി വന്യമൃഗശല്യം
തലസ്ഥാന വിശേഷം
ഷൂട്ടേഴ്സ് ക്ലബ്ബ്
മറ്റുവാർത്തകൾ
ചരമം

# ജില്ലാ വാർത്തകൾ



**കണ്ണൂർ**

16 - February

കടുവ ചത്തതിൽ പ്രദേശവാസികളെ പ്രതിചേർക്കുന്നതിനെതിരെ ആയിരങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് മലയോര സംരക്ഷണസമിതിയും, കിഫയും, മറ്റു കർഷക സംഘടനകളും സംയുക്തമായി കൊട്ടിയൂർ ഫോറസ്റ്റ് സ്റ്റേഷനിലേക്ക് പന്തം കൊളുത്തി പ്രകടനം നടത്തി.




**വയനാട്**

15 - February

2024 ലോക്സഭ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന വിവിധ രാഷ്ട്രീയ പാർട്ടികളുടെ പരിഗണനയ്ക്കും പ്രകടനപത്രികയിൽ ഉൾപ്പെടുത്തുന്നതിനായും വന്യമൃഗ ശല്യത്തിനും കർഷകദുരിതങ്ങൾക്കും ശാശ്വത പരിഹാരങ്ങൾ നിർദേശിക്കുന്ന ഇരുപതിന കർഷക അവകാശപത്രിക ഉച്ചക്ക് 12 മണിക്ക് സുൽത്താൻ ബത്തേരി പ്രസ്സ് ക്ലബ്ബിലെ പത്രസമ്മേളനത്തിൽ കിഫ ചെയർമാൻ അലക്സ് ഒഴുകയിൽ പ്രകാശനം ചെയ്തു. ജോൺ നാമല, ഗോപി വി.കെ, പോൾ മാത്യു എന്നിവർ പങ്കെടുത്തു.

**വയനാട്**

24 - February

വയനാട്ടിൽ കിഫ ചെയർമാൻ അലക്സ് ഒഴുകയിൽ രണ്ടു ദിവസത്തെ പര്യടനം നടത്തി. ബത്തേരി, നടവയൽ, പുൽപ്പള്ളി, മുള്ളൻകൊല്ലി, പെരിക്കല്ലൂർ എന്നിവിടങ്ങളിൽ നടന്ന മീറ്റിംഗുകളിൽ കിഫ ചെയർമാൻ പങ്കെടുത്തു. ആന ആക്രമണത്തിൽ പരുക്ക് പറ്റി സ്ഥിരം കിടപ്പിലായ മുൻ ഫോറസ്റ്റ് വാച്ചർ രാജു സെബാസ്റ്റ്യനെ കിഫ ചെയർമാൻ അലക്സ് ഒഴുകയിൽ സന്ദർശിക്കുകയും അർഹമായ നഷ്ടപരിഹാരം ലഭിക്കുന്നതിന് നിയമസഹായം കൊടുക്കാൻ കിഫ തയ്യാറാണെന്ന് അറിയിക്കുകയും ചെയ്തു.



**ഇടുക്കി**

24 - February

വന്യമൃഗശല്യം നേരിടുന്ന വയനാട്ടിലെ കർഷകർക്കും ഡൽഹിയിൽ സമരം ചെയ്യുന്ന കർഷകർക്കും ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് കിഫ പീരുമേട് എ.എൽ.സി.യും ഹരിത കർഷക സംഘവും ചേർന്ന് വണ്ടിപ്പെരിയാർ സ്റ്റേറ്റ് വെജിറ്റബിൾ ഫാമിന് മുന്നിൽ പന്തംകൊളുത്തി പ്രകടനം സംഘടിപ്പിച്ചു.

**എറണാകുളം**

22 - February

തട്ടേക്കാട് പുന്നേക്കാട് റോഡിനോട് വളരെ ചേർന്ന് നട്ടുപിടിപ്പിച്ചിരിക്കുന്ന മരങ്ങൾ ദുരന്തനിവാരണ നിയമം അനുസരിച്ച് വെട്ടി മാറ്റണമെന്ന് ആവശ്യപ്പെട്ട് 15.9.2022 ന് കിഫ ജില്ലാ കളക്ടർക്ക് പരാതി കൊടുത്തിരുന്നു. തുടർന്ന് നടപടികൾ സ്വീകരിക്കാൻ താലൂക്ക് തഹസിൽദാർക്ക് കളക്ടർ നിർദ്ദേശം നൽകിയെങ്കിലും അത് നടപ്പാക്കാത്തതിനെ തുടർന്ന് നവകേരള സദസ്സിൽ കിഫ പരാതി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ റോഡിനോട് ചേർന്ന് ഉള്ള സ്ഥലം വനംവകുപ്പിന്റേതാണെന്ന മറുപടി വനം വകുപ്പ് നൽകിയിരുന്നു. ഇതിനെതിരെ റവന്യൂ സ്കെച്ച് അനുസരിച്ച് റവന്യൂ പിഡബ്ല്യുഡി പുറമ്പോക്ക് കയ്യേറി വനം വച്ചുപിടിപ്പിച്ചിരിക്കുന്ന മുഴുവൻ മരങ്ങളും സമയബന്ധിതമായി വെട്ടി മാറ്റുന്നതിന് കിഫ കോതമംഗലം താലൂക്ക് ലീഗൽ സർവീസ് അതോറിറ്റിയിൽ പെറ്റീഷൻ ഫയൽ ചെയ്തു.

**എറണാകുളം**

28 - February

വെങ്ങൂർ എൽ.എൽ.സി. രൂപീകരിച്ചു. പ്രസിഡൻറ് ബെന്നി മാത്യൂസ്, സെക്രട്ടറി ജോബി മാത്യു, വൈസ് പ്രസിഡൻറ് അനൂപ് കെ. ആർ, ജോയിൻറ് സെക്രട്ടറി എൽദോ കെ.വി, ട്രഷറർ പത്രോസ് കെ.പി എന്നിവർ ചുമതലയേറ്റു.

**എറണാകുളം**

28 - February

വന്യമൃഗശല്യത്തിന് ശാശ്വത പരിഹാരം ആവശ്യപ്പെട്ട് കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട റാലിയിൽ കിഫ യുടെ അംഗങ്ങൾ പങ്കെടുക്കുകയും എറണാകുളം ജില്ലാ പ്രസിഡണ്ട് സിജുമോൻ ഫ്രാൻസിസ് പ്രസംഗിക്കുകയും ചെയ്തു.

# കിഫയും മാധ്യമങ്ങളും

19 - February

കുട്ടമ്പുഴ പഞ്ചായത്തിലെ വന്യമൃഗശല്യത്തെക്കുറിച്ച് മനോരമ ചാനലിൽ കിഫ ജില്ലാകമ്മിറ്റി അംഗങ്ങൾ പ്രതികരിച്ചു. സെക്രട്ടറി സജി ജോസ്, പ്രോഗ്രാം കോഓർഡിനേറ്റർ ഡോക്ടർ ബേസിൽ പെരിയപുറം, കുട്ടമ്പുഴ എൽ.എൽ.സി പ്രസിഡൻറ് സിബി വാഴയിൽ എന്നിവരും മറ്റ് കമ്മിറ്റി അംഗങ്ങളും പങ്കെടുത്തു.

## ചാനൽചർച്ചകൾ

1. February 3:
   **Mathrubhumi Super prime time** – Alex Ozhukayil
2. February 10/24:
   **News 18** – 10 AM – Alex Ozhukayil
   **Reporter TV** 11 AM - Alex Ozhukayil
   **Mathrubhumi TV** – 7.30 PM - Alex Ozhukayil
   **24 News** – 8 PM – Thomson K George
   **Manorama news** – 8 PM – Adv Jose Cheruvil
   **News 18** – 8 PM – Paul Mathews
3. February 13:
   **Dooradarshan**, Samakalikam – Alex Ozhukayil
4. February 15:
   **News 18** – 8 PM – Paul Mathews
5. February 16: 2 PM –
   **Mathrubhumi channel** – Alex Ozhukayil
6. February 17: **24 News** – 8 PM – Alex Ozhukayil
7. February 17: 8 PM – **Media One** – Paul Mathews
8. February 18: **Media One** – 8 PM – Alex Ozhukayil
9. February 18: വന്യമൃഗശല്യം: കിഫക്കെതിരെ എത്ര കേസെടുത്താലും അവാർഡായി പരിഗണിക്കും. ഞായർ, ഫെബ്രുവരി 18 രാത്രി 9.30 നു വയനാട് വിഷനിൽ കിഫ ചെയർമാൻ അലക്സ് ഒഴുകയിലുമായുള്ള പ്രത്യേക അഭിമുഖം.
10. February 19: ഡൽഹി കർഷക സമരം എന്തിനു വേണ്ടി? മൈഫിൻ ബിസിനസ് ചാനലിൽ കിഫ ചെയർമാൻ അലക്സ് ഒഴുകയിൽ പ്രതികരിക്കുന്നു.
11. February 20:
    **Mathrubhumi** – 8 PM - Alex Ozhukayil

# തുടർക്കഥയായി വന്യമൃഗശല്യം

07 - February

മാനന്തവാടിയിൽ അജീഷിനെ കാട്ടാന ചവിട്ടി കൊന്നതിൽ പ്രതിക്ഷേധിച്ച് കിഫ ഈങ്ങാപ്പുഴയിൽ 7/2/24 ന് വൈകിട്ട് ഏഴ് മണിക്ക് പന്തം കൊളുത്തി പ്രകടനം നടത്തി. പുതുപ്പാടി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള കർഷകർ പങ്കെടുക്കുകയും കിഫ മൈലള്ളാംപാറ യൂണിറ്റ് പ്രസിഡന്റ് വർഗ്ഗീസ് ചേലക്കാതടത്തിൽ ഉത്ഘാടനം ചെയ്യുകയും ചെയ്ത യോഗത്തിൽ കിഫ ജില്ലാ കമ്മറ്റി അംഗം ഷെല്ലി ജോസ് മുഖ്യപ്രഭാഷണം നടത്തി.



10 - February

മാനന്തവാടി പടമല എന്ന സ്ഥലത്ത് പനച്ചിയിൽ അജി കാട്ടാന ആക്രമണത്തിൽ മരിച്ചതുമായി ബന്ധപ്പെട്ടു ജോൺ നാമല, മനു ജോർജ്, അബ്രാഹം സി.ജെ., എന്നിവർ ആ സ്ഥലത്ത് പോകുകയും ആ പ്രദേശത്തുള്ളവരുമായി സംസാരിക്കുകയും ചെയ്തു. വൈകീട്ട് 5 ന് ചെയർമാൻ അലക്സ് ഒഴുകയിൽ, ജിൻറ്റോ ജെയിംസ്, പ്രിൻസ്, സുബിൻ എന്നിവരും എത്തി അജിയുടെ വീട്ടുകാരുമായി സംസാരിച്ചു.

10 - February

ആനയുടെ ആക്രമണത്തിൽ കൊലചെയ്യപ്പെട്ട വയനാട്ടിലെ അജീഷിനു ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ട് വയനാടൻ ജനതയ്ക്കു ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും വനംവകുപ്പിന്റെ ക്രൂരമായ അനാസ്ഥയിൽ പ്രതിഷേധിച്ചുകൊണ്ടും പാലക്കാട്, നെന്മാറ, ആലത്തൂർ നിയോജകമണ്ഡലങ്ങളിലെ കിഫ പ്രവർത്തകരുടെ പ്രതിഷേധ പ്രകടനം അടിപ്പെരണ്ടയിൽ വെച്ചു നടത്തി.




11 - February

വയനാട്ടിൽ കാട്ടാന ആക്രമണത്തിൽ മരണപ്പെട്ട അജീഷിനു ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് കൂരാച്ചുണ്ട് പഞ്ചായത്തിൽ കല്ലാനോട് മൗനജാഥ നടത്തി.



13 - February

കൊട്ടിയൂരിൽ കൃഷിയിടത്തിൽ കുടുങ്ങിയ കടുവയെ മയക്കുവെടി വെച്ച് അടുത്തുള്ള വന്യജീവി സങ്കേതത്തിൽ തുറന്നു വിടാനുള്ള വനംവകുപ്പിന്റെ നീക്കത്തിൽ എൻ.സി.ടി.എ. യുടെ ഗൈഡ് ലൈൻസ് ഉപയോഗിച്ചുകൊണ്ട് ജനകീയ പ്രതിരോധം തീർത്ത് കടുവയെ മൃഗശാലയിലേക്ക് മാറ്റുന്ന തീരുമാനം എടുപ്പിച്ചു.

17 - February

കാട്ടാനയുടെ ആക്രമണത്തിൽ കൊലചെയ്യപ്പെട്ട ഫോറസ്റ്റ് വാച്ചർ പോളിനോടുള്ള അനുശോചനം രേഖപ്പെടുത്തിക്കൊണ്ടും, അടിക്കടിയുണ്ടാകുന്ന വന്യമൃഗ ആക്രമണത്തിൽ വനം വകുപ്പിനെതിരെ പ്രതിഷേധിച്ചു കൊണ്ടും കോഴിക്കോട് തലയാട് പ്രകടനം നടത്തി.



22 - February

കേരളത്തിൽ വർധിച്ചുവരുന്ന വന്യമൃഗ ആക്രമണങ്ങളിൽ അധികാരികളുടെ ഭാഗത്ത് നിന്നുണ്ടാകുന്ന വീഴ്ചകളിലും, വയനാട്ടിൽ പ്രതിഷേധിച്ചവർക്കെതിരെ കേസ് എടുക്കുന്നതിൽ പ്രതിഷേധിച്ചും കിഫ മലമ്പുഴ നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ മുണ്ടൂരിൽ പ്രതിഷേധ ജാഥയും യോഗവും നടത്തി. യോഗത്തിൽ നിയോജകമണ്ഡല ഭാരവാഹികളായ സിജോ മാത്യു, ഷാജു ജോൺ, കൃഷ്ണൻകുട്ടി, സതീഷ്, മജോയ്, സുരേഷ് ഓ. പി. എന്നിവർ പ്രസംഗിച്ചു.



28 - February

28.2.24 ന് തോട്ടുമുക്കത്ത് ക്രിസ്റ്റീന ടീച്ചറിനെ വീട്ടുമുറ്റത്ത് വച്ച് കാട്ടുപന്നി ആക്രമിച്ചിരുന്നു. വീട്ടുമുറ്റത്തു പോലും വന്യമൃഗങ്ങളിൽ നിന്നും ആളുകൾ സുരക്ഷിതരല്ല എന്നതിൽ പ്രതിഷേധിച്ചുകൊണ്ട് കിഫ തോട്ടുമുക്കം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 29.2.24 ന് നടത്തിയ പ്രതിഷേധ പ്രകടനത്തിന് ഷൂട്ടേഴ്സ് ക്ലബ് കോർഡിനേറ്റർ ജോർജ്ജ് ജോസഫ്, സാബു വടക്കേപടവിൽ, ശിവദാസൻ മാസ്റ്റർ, അബൂട്ടി വളപ്പിൽ, മാത്യു തറപ്പുതൊട്ടിയിൽ, ജിയോ വെട്ടുകാട്ടിൽ എന്നിവർ നേതൃത്വം നല്കി.

04 - February

കേരളത്തിൽ ആനത്താര ഉണ്ടാക്കാനെന്ന പേരിൽ വിദേശത്ത് കോടികൾ പിരിച്ച് സംഗീത അയ്യർ നടത്തുന്ന തട്ടിപ്പിൽ വനം വകുപ്പ് ചീഫ് കൺസർവേറ്റർ കെ. വിജയാനന്ത് അടക്കം വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർക്ക് പങ്കുള്ളതിനാൽ ഈ വിഷയത്തിൽ സിബിഐ അന്വേഷണം നടത്തണമെന്ന് കിഫ ആവശ്യപ്പെട്ടു.

08 - February

## വന്യജീവി ആക്രമണം; സംസ്ഥാനത്ത് നഷ്ടപരിഹാരത്തുക അടിയന്തിരമായി വർദ്ധിപ്പിക്കണം -കിഫ

വന്യജീവി ആക്രമണം മൂലമുള്ള മരണങ്ങൾക്കുള്ള നഷ്ട പരിഹാരം നിലവിലുള്ള അഞ്ചു ലക്ഷത്തിൽ നിന്നും പത്തുലക്ഷമാക്കി ഉയർത്തി കേന്ദ്ര ഉത്തരവ് വന്നിരിക്കുകയാണ്. നേരത്തെ നഷ്ട പരിഹാരത്തെക്കുറിച്ചു പറയുമ്പോഴെല്ലാം കേന്ദ്രം അഞ്ചു ലക്ഷം കൊടുക്കാൻ പറഞ്ഞിട്ടും സംസ്ഥാനത്ത് പത്തു ലക്ഷം നൽകുന്നു എന്നായിരുന്നു വനം വകുപ്പ് പറഞ്ഞിരുന്നത്. മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ഏറ്റവും ഉയർന്ന നഷ്ട പരിഹാരം നൽകുന്നത് മഹാരാഷ്ട്രയിലാണ് (25 ലക്ഷം രൂപ). കർണാടക (15 ലക്ഷം രൂപ). കേരളത്തിൽ നഷ്ടപരിഹാരം 50 ലക്ഷം രൂപ ആയി ഉയർത്തുന്നതിന്റെ ആദ്യ പടിയായി മഹാരാഷ്ട്ര നൽകുന്ന 25 ലക്ഷത്തിലേക്കു മരണപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം അടിയന്തരമായി ഉയർത്തണമെന്ന് കിഫ ചെയർമാൻ അലക്സ് ഒഴുകയിൽ ആവശ്യപ്പെട്ടു.

10 - February

ആനയുടെ ആക്രമണത്തിൽ കൊലചെയ്യപ്പെട്ട വയനാട്ടിലെ അജീഷിനു ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ട് വയനാടൻ ജനതയ്ക്കു ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും വനംവകുപ്പിന്റെ ക്രൂരമായ അനാസ്ഥയിൽ പ്രതിഷേധിച്ചുകൊണ്ടും പാലക്കാട്, നെന്മാറ, ആലത്തൂർ നിയോജകമണ്ഡലങ്ങളിലെ കിഫ പ്രവർത്തകരുടെ പ്രതിഷേധ പ്രകടനം അടിപ്പെരണ്ടയിൽ വെച്ചു നടത്തി.

10 - February

മാനന്തവാടിയിൽ അജീഷിന്റെ കൊലപാതകത്തിന് കാരണമായ ബേലൂർ മഖ്നാ എന്ന റേഡിയോ കോളർ ഘടിപ്പിച്ച ആനയെ കൃത്യമായി നിരീക്ഷിക്കുന്നതിൽ കുറ്റകരമായ വീഴ്ച വരുത്തിയ കണ്ണൂർ സി.സി.എഫ്. ദീപ, വയനാട് നോർത്ത് ഡി.എഫ്.ഒ. മാർട്ടിൻ ലോവെൽ എന്നിവരെ സർവീസിൽ നിന്നും പിരിച്ചുവിട്ടു മനഃപൂർവ്വമായ നരഹത്യക്ക് കേസ് എടുക്കണമെന്നും കൊലയാളിയായ ആനയെ ഉടൻ വെടിവെച്ചു കൊല്ലണമെന്നും, കൊല്ലപ്പെട്ട അജിയുടെ കുടുംബത്തിന് ഒരുകോടി രൂപ നഷ്ടപരിഹാരം നൽകുകയും . ഇതിൽ 50 ലക്ഷം രൂപ 24 മണിക്കൂറിനുള്ളിൽ നൽകുകയും ചെയ്യണമെന്ന് കിഫ ആവശ്യപ്പെട്ടു.

19 - February

പുൽപ്പള്ളിയിലെ പ്രതിഷേധത്തിൽ പങ്കെടുത്തവരെ ഉരുക്കുമുഷ്ടി കൊണ്ടും ഭരണകൂടഭീകരത കൊണ്ടും അടിച്ചമർത്താൻ സർക്കാർ ശ്രമിക്കുമ്പോൾ പ്രതിരോധം തീർക്കാൻ കിഫയുടെ ലീഗൽ സെൽ മുന്നോട്ടു വന്നു നിയമ സഹായം വാഗ്ദാനം ചെയ്തു.

21 - February

വന്യജീവിശല്യം നിയന്ത്രിക്കുന്നതിൽ കേരള സർക്കാരിന്റെ കള്ളക്കളി പൊളിച്ചുകൊണ്ട് വന്യജീവി ശല്യം നിയന്ത്രിക്കാനുള്ള അധികാരങ്ങൾ സംസ്ഥാന സർക്കാരിനുണ്ട് എന്നുള്ള കേന്ദ്ര വനം മന്ത്രിയുടെ കത്ത് കിഫ പുറത്തു വിട്ടു.

22 - February

കിഫയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായും സമയ നഷ്ടം കൂടാതെയും നമ്മുടെ മെമ്പർമാരിലേക്കും പൊതുജനങ്ങളിലേയ്ക്കും എത്തിക്കുന്നതിനായി ഓരോ മാസത്തേയും പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുകൊണ്ടുള്ള ഒരു ന്യൂസ് ലെറ്റർ '**കിഫ റീലുക്ക്**' എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു.

26 - February

വയനാട്ടിലെ കടുവകളുടെ എണ്ണത്തിലുള്ള വനം വകുപ്പിന്റെ കള്ളക്കളികൾ പൊളിച്ചു കൊണ്ടു 2020 ൽ കേന്ദ്രസർക്കാർ പുറത്തുവിട്ട വയനാട്ടിലെ 154 കടുവകളുടെ ചിത്രങ്ങൾ കിഫ പുറത്തുവിട്ടു

# തലസ്ഥാന വിശേഷം

08 - February

കാർഷികകേരളത്തിന്റെ ഏറ്റവും മഹത്തരമായ നാഴികക്കല്ലായിരുന്നു മലബാർ, ഹൈറേഞ്ച് കുടിയേറ്റങ്ങളെന്നും വന്യജീവി ആക്രമണങ്ങൾക്ക് വനംവകുപ്പിനാണ് ഉത്തരവാദിത്തമെന്നും വനം വകുപ്പിന്റെ കുറ്റകരമായ കൃത്യവിലോപം കൊണ്ടാണ് ആനകൾ കാടിറങ്ങുന്നതെന്നും മാതൃഭൂമി അന്താരാഷ്ട്ര അക്ഷരോത്സവത്തിൽ വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട് നടന്ന സെഷനിൽ കിഫയെ പ്രതിനിധീകരിച്ച് പാനലിസ്റ്റായി പങ്കെടുത്ത മാനേജിങ് ബോർഡ് മെമ്പർ തോംസൺ കെ ജോർജ് പ്രസ്താവിച്ചു.



# ഷൂട്ടേഴ്സ് ക്ലബ്ബ്

20 - February

നാദാപുരം പഞ്ചായത്തിൽ കിഫ ഷൂട്ടർമാർ എട്ട് കാട്ടുപന്നികളെ വെടിവെച്ചു കൊന്നു.



07 - February

കുറ്റ്യാടി പഞ്ചായത്ത് പതിനാലാം വാർഡ് 7 കാട്ടുപന്നികളെ കിഫ ഷൂട്ടർമാർ വെടിവെച്ചു കൊന്നു.

07 - February

ഫെബ്രുവരി 7 ചെക്യാട് പഞ്ചായത്ത് കിഫ ഷൂട്ടർമാർ 3 കാട്ടുപന്നികളെ വെടിവെച്ചു കൊന്നു.

# അധികൃതരുടെ നിസ്സംഗതയ്ക്ക് സ്വന്തം ജീവൻ വിലയായി നൽകേണ്ടിവന്നവർ

February 2024

## വയനാട്



അജി



പോൾ

## ഇടുക്കി



രാമചന്ദ്രൻ



സുരേഷ്കുമാർ (സജി)

## പത്തനംതിട്ട



പി ആർ ഗോപാലൻ